**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2370** **30-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ-കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ സംഘങ്ങളെ ചെറുക്കുന്നതിനും ലഹരി വിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ് വിശദീകരിക്കാമോ; | (എ) | കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/ വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ “നേർക്കൂട്ടം” എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. 2025 ജനുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ കോളേജ് തലത്തിൽ 5701 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br>കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി കർശന പരിശോധന നടത്തി വരുന്നു. കൂടാതെ പോലീസ് വകുപ്പുമായും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. |
| (ബി) | സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശികതലങ്ങളിലുള്ള ജാഗ്രതാസമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (ബി) | സ്കൂൾ പരിസരങ്ങളിൽ എക്സൈസ് വകുപ്പ് നിരന്തര നിരീക്ഷണം നടത്തി വരുന്നു. സ്കൂൾ തുടങ്ങുന്നതിനു അരമണിക്കൂർ മുമ്പും സ്കൂൾ സമയത്തിനു ശേഷമുള്ള ഒരു മണിക്കൂറും സ്കൂൾ പരിസരങ്ങളിലും, വിദ്യാർത്ഥികൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥർ മഫ്റ്റിയിൽ നിരീക്ഷണം നടത്തി വരുന്നു. സ്കൂളുകളിൽ ജാഗ്രതാസമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് മയക്കമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (സി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് എക്സൈസ് കൂടുതൽ മയക്കു മരുന്ന് കേസ്സുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സ് ജില്ലാ ആസ്ഥാനങ്ങളിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്തിൽ ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡായി പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ ഇടുക്കി കൂടാതെ അടിമാലി കേന്ദ്രീകരിച്ച് ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് കൂടി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടാസ്ക് ഫോഴ്സ് ജില്ലയിലുള്ള ലഹരിക്കടത്ത്, വിപണനം, ഉപയോഗം എന്നിവയെക്കുറിച്ച് വിവരം ശേഖരിക്കുകയും കുറ്റകൃത്യം കണ്ടെത്തി നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് പുതിയതായി എത്തുന്ന ലഹരി വസ്തുക്കളുടെ/കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നാർകോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോതെറാപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | സംസ്ഥാനത്ത് പുതിയതായി എത്തുന്ന ലഹരി വസ്തുക്കളുടെ/കൃത്രിമ ലഹരി വസ്തുക്കളുടെ വ്യാപനം തടയാൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾ നടത്തുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപെടുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ എൻ.ഡി.പി.എസ് ആക്ടിന് കീഴിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ട്രമഡോൾ ഉൾപ്പെടെയുള്ള ലഹരി മരുന്നുകൾ എൻ.ഡി പി.എസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമം പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ് . |
| (ഇ) | വിമാനത്താവളം, റെയിൽവേ, ചെക്ക്പോസ്റ്റുകൾ എന്നിവ വഴി ഇതര സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടു വരുന്ന കഞ്ചാവ്, എം.ഡി.എം.എ. ഉൾപ്പെടെയുള്ള ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | റെയിൽവേ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്ന് പരിശോധനകൾ നിരന്തരം നടത്തി വരുന്നു. വിമാനത്താവളം വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി വിമാനത്താവളവുമായി ബന്ധപ്പെട്ട റോഡുകളിൽ പരിശോധന നടത്താറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ ചെക്ക് പോസ്റ്റുകൾ വഴി കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് 24 മണിക്കൂറും ശക്തമായ വാഹന പരിശോധന നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ കഴിഞ്ഞു വരുന്ന റോഡുകളിലും എക്സൈസ് പട്രോൾ ടീമുകൾ വാഹന പരിശോധന നടത്തുന്നുണ്ട്. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) സംസ്ഥാന അതിർത്തികളിൽ നിരന്തര പരിശോധന നടത്തി വരുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തി മയക്കമരുന്ന കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് ഇൻറലിജൻസ് വിഭാഗം നടത്തുന്ന രഹസ്യ വിവരശേഖരണവും, പൊതുജനങ്ങളിൽ നിന്നു കിട്ടുന്ന വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി ഉചിതവും കൃത്യവുമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>രാസ ലഹരി ഉൾപ്പെടെയുള്ള മയക്കമരുന്ന് ഉൽപന്നങ്ങൾ വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മുഖേനെയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും കൈമാറ്റം ചെയ്യുന്നത് എക്സൈസ് സൈബർ സെൽ കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നു. കൊറിയർ സർവ്വീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു.<br><br>ലഹരി കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ചു പ്രവർത്തനങ്ങൾ നിരീക്ഷിച്ചു നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | ചെറിയ അളവിൽ ലഹരി കൈവശം വെച്ചാൽ സ്റ്റേഷൻ ജാമ്യം ലഭിക്കുമെന്നതിനാൽ ഇത്തരത്തിൽ വിൽപ്പന നടത്തുന്നവർ/ ഉപയോഗിക്കുന്നവർ വേഗത്തിൽ സ്റ്റേഷൻ ജാമ്യത്തിൽ പുറത്തെത്തി വീണ്ടും പ്രസ്തുത കുറ്റകൃത്യം ചെയ്യുന്നുവെന്നതിനാൽ പ്രസ്തുത കുറ്റകൃത്യത്തിൽ തുടർച്ചയായി ഏർപ്പെടുന്നവർക്ക് ജാമ്യം നൽകാതിരിക്കുന്നതിനും കൂടുതൽ കർശനമാക്കുന്നതിനുമായി നിയമം ഭേദഗതി വരുത്തുന്നതിനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എഫ്) | എൻ ഡി പി എസ് ആക്ടിൽ സ്മാൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി അളവുകൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ജി) | രാസലഹരിയുടെയും മറ്റും ഉപയോഗം വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കാമോ? | (ജി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിയുടെ കടന്നു കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെ വിമുക്തിമിഷൻ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന |

| | | | |
|---|---|---|---|
| | | | ആശയം മുൻനിർത്തി 'ഉണർവ്വ്', 'ടീം വിമുക്തി സ്പോർട്സ് ടീം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br><br>ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡിഷ്യൽ കൊളോക്യം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യ നീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും, കുട്ടികൾക്കാവശ്യമായ ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ 'No To Drugs' 2022 ഒക്ടോബർ 2 ന് ആരംഭിച്ചിട്ടുള്ളതും അതിന്റെ 4 ഘട്ടം വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ക്യാമ്പയിനിന്റെ അഞ്ചാം ഘട്ടം 2025 ജൂൺ 26മുതൽ ആരംഭിച്ചിട്ടുള്ളത് 2026 ജനുവരി 26 വരെ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ